LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം ഘട്ടം അനുവദിച്ച 3 കോടി രൂപയിൽ ഉൾപ്പെട്ട 3 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി വാപ്കോസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ രണ്ടാം ഘട്ടത്തിലനുവദിച്ച 3 കോടി രൂപയിൽ ഉൾപ്പെട്ട 3 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തി. 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 5 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ എല്ലാ ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

144(1216) ശ്രീ. എം. സ്വരാജ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതോടൊപ്പം പഠന-ബോധന നിലവാരം ഉയർത്തുന്നതിന് ലക്ഷ്യമിട്ടിരുന്നോ; ഇക്കാര്യത്തിൽ കൈവരിച്ച നേട്ടം അറിയിക്കാമോ;

(ബി) സാമൂഹ്യബോധവും യുക്തിചിന്തയും ഉണർത്തുന്ന തരത്തിലും ഓരോരുത്തർക്കുമുള്ള വ്യത്യസ്തശേഷി വളർത്തുന്നതിലേയ്ക്കും ഒരാളും പാർശ്വവൽക്കരിക്കപ്പെടാതെയും വിദ്യാഭ്യാസ പ്രവർത്തനം ഉയർത്താൻ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) ടാലന്റ് ലാബ് പരിപാടി പ്രാവർത്തികമായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കുട്ടികൾക്ക് ശാരീരികമായും മാനസികമായും ക്ഷതമേൽപ്പിക്കുന്ന ശിക്ഷാ നടപടികൾ സർക്കാർ ഉത്തരവ് പ്രകാരം വിലക്കിയിട്ടുണ്ടെങ്കിലും മികച്ച റിസൾട്ട് സൃഷ്ടിക്കുന്നതിനും അച്ചടക്കം കൈവരിക്കുന്നതിനും എന്ന പേരിൽ മിക്ക സ്വകാര്യ സ്കൂളുകളും പ്രത്യേകിച്ച് അൺ എയ്ഡഡ് സ്കൂളുകൾ പ്രാകൃത ശിക്ഷാ രീതികൾ തുടരുന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; ഇത് അവസാനിപ്പിക്കാൻ ശക്തമായ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഭൗതികസാഹചര്യം വികസിപ്പിക്കുന്നതോടൊപ്പം സ്കൂളുകളിലെ പഠന-ബോധന നിലവാരവും ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒട്ടേറെ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പഠനം വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമാക്കുന്നതിന് 'സമഗ്ര' എന്ന പ്രത്യേക വെബ്പോർട്ടൽ വികസിപ്പിച്ച് ഡിജിറ്റൽ വിഭവങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഇത് പഠനം കൂടുതൽ ഫലപ്രദമാക്കാൻ സഹായകമാണ്. കൂടാതെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ.കോഡ് ഉൾച്ചേർത്ത് പാഠഭാഗങ്ങളെ ഡിജിറ്റൽ വിഭവങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇത് സ്വയം പഠനത്തെയും പ്രോത്സാഹിപ്പിക്കുന്നു. 8, 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നൈപുണികളുമായി ഉദ്ഗ്രഥിച്ച് ഉൾച്ചേർത്തിട്ടുണ്ട്. കൂടാതെ പഠന പരിപോഷണ പരിപാടികളായ ശ്രദ്ധ, നവപ്രഭ, സമാറ്റ്സ്, സ്റ്റെപ്സ്, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലീഹിന്ദി തുടങ്ങിയ പ്രത്യേക പരിപാടികൾ, പഠനബോധന നിലവാരം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ളതാണ്.

ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ്സ്, ഐ.ടി. ക്ലബ്ബുകൾ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക മാസ്റ്റർപ്ലാനുകൾ, പ്രവർത്തന പദ്ധതികൾ എന്നിവ വ്യത്യസ്തങ്ങളായ ശേഷികളെ വികസിപ്പിക്കുന്നതിനും പാർശ്വവത്കരണം തടയുന്നതിനും ലക്ഷ്യമിടുന്നു. ഇതിനനുസൃതമായി അദ്ധ്യാപക പരിശീലന പരിപാടികളും നടന്നുവരുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന എല്ലാ സ്കൂൾ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിന് ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയ്ക്കും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുകയും ഡിജിറ്റൽ വിഭവങ്ങൾ, പ്രത്യേക പരിശീലനം തുടങ്ങിയവ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഒരു ക്ലാസിൽ ശരാശരി 7 കുട്ടികളിൽ കുറവുള്ള 1359 സ്കൂളുകൾ ഹൈടെക് ലാബ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ എല്ലാ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) ഉണ്ട്. ടാലന്റ് ലാബ് പദ്ധതിക്ക് സഹായകമായ ഒരു കൈപ്പുസ്തകം തയ്യാറാക്കി സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മികച്ച ടാലന്റ് ലാബ് പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളുടെ പ്രവർത്തനങ്ങൾ തെളിവുകൾ സഹിതം കഴിഞ്ഞവർഷത്തെ അദ്ധ്യാപക പരിശീലനത്തിൽ അദ്ധ്യാപകരെ പരിചയപ്പെടുത്തിയിരുന്നു. കലാകായിക അക്കാദമിക മേഖലയിലുള്ള കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തി അവ പ്രോത്സാഹിപ്പിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ടാലന്റ് ലാബ് പദ്ധതിവഴി നടപ്പിലാക്കുന്നത്. അദ്ധ്യാപകരുടെയും വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള പൂർവ്വ വിദ്യാർത്ഥികളുടെയും കലാകായിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള വിദഗ്ദ്ധരുടെയും സഹായത്തോടുകൂടിയാണ് വിദ്യാലയങ്ങളിൽ ഈ പദ്ധതി പ്രവർത്തനക്ഷമമാക്കിയത്. അവധി ദിവസങ്ങളിലും വെക്കേഷൻ കാലത്തും ക്യാമ്പുകൾ നടത്തിയാണ് ഈ പരിപാടി നടപ്പിലാക്കിയത്.

(ഡി) സർക്കാർ അംഗീകൃത സ്കൂളുകളിൽ ഇത്തരം ശിക്ഷാരീതികൾ നടപ്പാക്കുന്നതായി പരാതികളുണ്ടായിട്ടില്ല.

**പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

145(1217) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) അഞ്ച് കോടി രൂപ ചെലവ് വരുന്ന പദ്ധതിയുടെ കീഴിൽ ഇതിനകം എത്ര സ്കൂളുകൾ പൂർത്തിയാക്കിയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ മൂന്ന് കോടി രൂപ, രണ്ട് കോടി രൂപ എന്നിങ്ങനെ ചെലവ് വരുന്ന വിഭാഗങ്ങളിൽ എത്ര സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും അതിൽ എത്ര സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും അറിയിക്കാമോ;

(ഡി) നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കരാറുകാരുടെ ഭാഗത്ത് വീഴ്ച ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly